# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 123 28.11.2018-ൽ മറുപടിക്ക്

**നാമജപഘോഷയാത്ര നടത്തിയതിന്റെ പേരിൽ കേസ്**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. സി. ജോർജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) 2018 ഒക്ടോബർ മാസം ശബരിമല ദർശനത്തിന് വന്ന അയ്യപ്പഭക്തരുടെ ബൈക്കുകൾ, ത്രീവീലറുകൾ, ഫോർ വീലറുകൾ എന്നിവ പോലീസ് ഉദ്യോഗസ്ഥർ നശിപ്പിച്ചതിനെ സംബന്ധിച്ച് ഹൈക്കോടതി നടത്തിയ പരാമർശത്തിൽ ആഭ്യന്തര വകുപ്പ് എന്ത് നടപടിയെടുത്തു; പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തെങ്കിൽ വിശദമാക്കുമോ; | (എ) ബഹു. ഹൈക്കോടതിയുടെ പരാമർശം ഗൗരവമായി കണക്കാക്കി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നാമജപഘോഷയാത്ര നടത്തിയതിന്റെ പേരിൽ അയ്യപ്പഭക്തർക്കെതിരെ പോലീസ് എത്ര കേസുകൾ എടുത്തു എന്നുള്ളതിന്റെ കണക്കുകൾ സ്ത്രീ-പുരുഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് വിശദമാക്കുമോ; ഈ വിഷയത്തിൽ എടുത്ത കേസുകളുടെ നിജസ്ഥിതി എന്താണ്; വ്യക്തമാക്കുമോ; | (ബി) യും (സി) യും ശബരിമല, സന്നിധാനം, നിലയ്ക്കൽ ഉൾപ്പെടെ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ നാമജപഘോഷയാത്ര നടത്തിയതിന്റെ പേരിൽ അയ്യപ്പഭക്തർക്കെതിരെ കേസ്സുകളൊന്നും പോലീസ് രജിസ്റ്റർചെയ്തിട്ടില്ല. |
| (സി) ശബരിമലയിലും സന്നിധാനത്തും നിലയ്ക്കലും നാമജപം നടത്തിയതിന്റെ പേരിൽ അറസ്റ്റ് ചെയ്തിട്ട് ഇതുവരെ ജാമ്യം ലഭിക്കാത്ത എത്ര പേർ ഉണ്ട്; പ്രസ്തുത കേസുകളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ